Malayala Manorama Daily 11/12/2019

# കാർഷിക സർവകലാശാലയിൽ ദേശീയ സെമിനാർ

മണ്ണുത്തി • 'ഗവേഷണ പ്രസിദ്ധീകരണം, രചനകളിലെ കോപ്പിയടി നിയന്ത്രണം' എന്ന വിഷയത്തിൽ കാർഷിക സർവകലാശാലയിൽ നടത്തിയ ദേശീയ ശിൽപശാല ചീഫ് വിപ് കെ.രാജൻ ഉദ്ഘാടനം ചെയ്തു. കാർഷിക സർവകലാശാല ലൈബ്രറി വിഭാഗം മേധാവി ഡോ.എ.ടി.ഫ്രാൻസിസ് അധ്യക്ഷനായിരുന്നു. ഗവേഷണ വിഭാഗം ഡയറക്ടർ ഡോ.പി.ഇന്ദിര ദേവി, കെ.വി. അൽഫോൻസ, ഡോ.വി.എസ്. സ്വപ്ന എന്നിവർ പ്രസംഗിച്ചു. ഡോ.പി.മുത്തുമാരി, ഡോ .ജോർജ് തോമസ്, ഡോ.എ.ടി. ഫ്രാൻസിസ്, സാൻജോ ജോസ്, ഡോ.എൻ.ബി.നിഷ എന്നിവർ ക്ലാസുകളെടുത്തു. ദക്ഷിണേന്ത്യയിൽ നിന്നുള്ള 63 സർവകലാശാല-കോളജ് അധ്യാപകർ, ഗവേഷകർ, ലൈബ്രേറിയന്മാർ എന്നിവർ പങ്കെടുത്തു.



കാർഷിക സർവ്വകലാശാല ലൈബ്രറിയിൽ നടന്ന ദേശീയ സെമിനാർ ചീഫ് വിപ് കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു